കാരനായതുകൊണ്ട് ഇതുപോലുള്ള പ്രശ്നങ്ങൾ വരുന്ന അവസരത്തിൽ ഉത്തരവാദപ്പെട്ട ഒരു മാന്യദേഹം എന്നുള്ള നിലയിൽ അദ്ദേഹം എഴുന്നേല്ക്കുമ്പോൾ ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മെമ്പർമാർ സൂചിപ്പിക്കുക സ്വാഭാവികമാണ്. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. ഏതായാലും ഇതു സംബന്ധിച്ച് വളരെ വളരെ ഗൗരവതരമായ ഒരു സ്ഥിതിയാണ്. പട്ടണത്തിൽ ഇന്ന് കിടന്നുറങ്ങുവാൻ നിർവ്വാഹമില്ലാത്ത സ്ഥിതി. പട്ടണത്തിൽ മാതമല്ല, സംസ്ഥാനത്തിന്റെ ആകെയുള്ള സ്ഥിതി ഗൗരവതരം തന്നെയാണ്. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി എന്നുള്ള നിലയിൽ അങ്ങു പറയുന്ന മറുപടി തൃപ്തികരമല്ല. കാരണം പോലീസിന്റെ ഉള്ളിൽത്തന്നെ ഇതുപോലുള്ള ക്രിമിനൽസിനെ രക്ഷിക്കുന്നതിനുള്ള സമീപനങ്ങൾ ഇല്ലേ എന്ന് സംശയമുണ്ട്. ഇതു സംബന്ധിച്ചുകൂടി അങ്ങ് ഗൗരവതരമായിട്ട് പരിശോധിക്കണം. ആ നിലയിൽ ഒരു പരാമർശം നടത്തിയതായിട്ട് കണ്ടില്ല, അതുകൊണ്ടാണ് ഇതിന്റെ ഗൗരവം ഡീപ്പ് ആയിട്ട് മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്നുള്ള സംശയം തോന്നുന്നത്. ഏതായാലും ഇപ്പോൾ പറഞ്ഞിരിക്കുന്ന ഉത്തരംകൂടി പരിശോധിക്കുവാൻ ഞങ്ങൾ തയ്യാറാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) 1999-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം ഹൈക്കോടതി റദ്ദാക്കിയതുമൂലം കാരായ്മ കുടിയാന്മാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. സി. മമ്മത് കോയ : കാരായ്മ കുടിയാൻ സമ്പ്രദായം കോഴിക്കോട് കോർപ്പറേഷനിലും പരിസര പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലും പൊന്നാനിയിലും മാത്രമുള്ളതാണ്. വീടുവച്ച് താമസിക്കുന്നതിനുള്ള തറ വിസ്തീർണ്ണം മാത്രം കാരായ്മയെ കച്ചീട്ട് പ്രകാരം ജന്മിമാർ കുടിയാന് നൽകും. കുടിയാന്മാർ അതിൽ വീടുകെട്ടി ഉണ്ടാക്കുകയും അതിനോടനുബന്ധിച്ചുള്ള കക്കൂസ്, കുളിമുറി, മുറ്റം, കിണർ, കന്നുകാലി തൊഴുത്ത് മുതലായവ ജന്മിയുടെ സമ്മതപ്രകാരം തന്നെ അവർ കൈവശംവെച്ച് ഉപയോഗിച്ചു വരുന്നതുമാണ്. ഈ സമ്പ്രദായത്തിന് നൂറു വർഷത്തിലധികം പഴക്കമുണ്ട്. 1970-ൽ കാർഷിക പരിഷ്കരണ നിയമം നടപ്പിലാക്കുന്ന സന്ദർഭത്തിൽ കാരായ്മ-കുടിക്കിടപ്പ് അവകാശം നേടിയെടുക്കുവാൻ ശ്രമം നടത്തിയപ്പോൾ കാരായ്മ കുടിയാന്റെ കാര്യം പ്രത്യേകം പറയാത്തതു കാരണം കാരായ്മ കൈച്ചീട്ട് പ്രകാരമുള്ള തറ വിസ്തീർണ്ണം മാത്രമാണ് അവർക്ക് പട്ടയം നല്കിയത്. വീട്ടിൽനിന്ന് പുറത്തിറങ്ങുവാൻ കാൽ വയ്ക്കാനുള്ള മുറ്റവും അവർ ഉപയോഗിക്കുന്ന കക്കൂസ്, കുളിമുറി, കന്നുകാലി തൊഴുത്ത്, കിണർ, അടുക്കള തോട്ടം മുതലായവയ്ക്കും പട്ടയം ലഭിക്കുവാൻ നിർവ്വാഹമില്ലാതെയായി. ഗവൺമെന്റ് ഈ കാര്യം മനസ്സിലാക്കി പരിഹരിക്കുവാൻ വേണ്ടി 1989-ൽ നിയമം ഭേദഗതി ചെയ്തു. ബില്ല് പാസ്സാക്കി. പ്രസ്തുത ബില്ലിൽ മുൻകാല പ്രാബല്യം നിർവചിച്ചിട്ടില്ലാത്തതു കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചു. വീണ്ടും 1999-ൽ റവന്യൂ മന്ത്രിയായിരുന്ന ശ്രീ. കെ. ഇ. ഇസ്മായീൽ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക പരിഷ്കരണ നിയമം പാസ്സാക്കി. ഈ നിയമ പ്രകാരം കാരായ്മ കുടിയാന്മാർ തലമുറകളായി കൈവശം വച്ചിരുന്ന ഭൂമിക്ക് 1970-ൽ നിയമം വരുന്ന സമയത്തോ, അതിനു മുമ്പോ ഉപയോഗത്തിൽ ഉള്ളതോ ആയ കൈവശഭൂമിക്ക് ലാന്റ് ട്രൈബ്യൂണൽ മുഖേന പട്ടയം നല്കി തുടങ്ങിയപ്പോൾ ചില ജന്മിമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് നിയമം സ്റ്റേ ചെയ്യിച്ചു. കേസ് പരിഗണിച്ച കോടതി നിയമം ഭരണഘടനാ വിരുദ്ധമെന്നു പറഞ്ഞ് റദ്ദാക്കുകയുണ്ടായി. സർക്കാർ ഫലപ്രദമായി കേസ് നടത്തിയില്ല. എന്നാൽ നടപടിക്രമത്തിൽ കാരായ്മയുടെ യാഥാർത്ഥ്യം ഫലപ്രദമായി കോടതിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. ആർട്ടിക്കിൾ 31(എ) പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭിച്ചെന്ന് തെളിയിക്കാനുള്ള രേഖകൾ കോടതിയിൽ ഹാജരാക്കിയില്ല. നിയമം ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തണം. അതിനും നടപടി ഉണ്ടായില്ല. നൂറു വർഷത്തിലധികമായി തലമുറകളായി കുടിയാൻ കൈവശത്തിലുള്ള സൗകര്യ അവകാശമാണെന്നും ജന്മിയുടെ അറിവോടും സമ്മതത്തോടുമാണെന്നും കോടതിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് നിയമം അസാധുവാക്കപ്പെട്ടു. കുറച്ചു പേർക്ക് അതിനു മുമ്പ് 21/99 പ്രകാരം ലഭിച്ച പട്ടയം റദ്ദ് ചെയ്യാൻ ജന്മിമാർ ലാന്റ് ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. വർഷങ്ങളായി തലമുറകൾ കൈമാറി ഉപയോഗിച്ചു വരുന്ന കാരായ്മ കുടിയാന്റെ ഭൂമി ഒഴിപ്പിച്ചെടുക്കുവാനുള്ള ശ്രമം ഇപ്പോൾ നടക്കുകയാണ്. ഇത് സംഘർഷത്തിന് ഇടയാക്കുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാനും കാരായ്മ കുടിയാനെ സംരക്ഷിക്കുവാനും വേണ്ടി സർക്കാർ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകി. സ്റ്റേ വാങ്ങണം. 21/99 നിയമം ഭരണഘടനയിലെ ഒമ്പതാം പട്ടികയിൽപ്പെടുത്തുകയോ അല്ലെങ്കിൽ പകരം നിയമം ഉണ്ടാക്കി കൊണ്ടുവന്ന് പാസ്സാക്കി ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽപ്പെടുത്തി പരമ്പരാഗതമായി കുടികിടപ്പോടു ചേർന്നുള്ള സൗകര്യ അവകാശ ഭൂമിക്ക് രേഖ ലഭ്യമാക്കാനോ അടിയന്തിരമായി നടപടി ഉണ്ടാകണം. കാരായ്മ കുടിയാന്മാരും കുടികിടപ്പുകാർക്കും തമ്മിലുള്ള വ്യത്യാസം കുടികിടപ്പുകാർ കുടിൽ കെട്ടി താമസിച്ചു വരുന്നതുപോലുള്ള വ്യവസ്ഥയ്ക്ക് പകരം അവർ സൗകര്യാവകാശ ഭൂമിയിൽ താമസിക്കുന്നതാണ്. കാരായ്മ തറഭൂമിക്ക് മാത്രം ഒരു പട്ടയം, അവർ കാരായ്മ കൈച്ചീട്ട് കൊടുക്കുന്നു എന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. ഇവർക്ക് എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിനുള്ള അർഹതയുണ്ട്. അത് സംരക്ഷിക്കുവാൻ ആവശ്യമായ നടപടി നിയമംമൂലം ഉണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അങ്ങ് സൂചിപ്പിച്ചതുപോലെ കോഴിക്കോട് ജില്ലയിലും മലപ്പുറത്തെ പൊന്നാനിയിലും മാത്രം നിലവിലുള്ള ഒരു പ്രത്യേക അവസ്ഥാ വിശേഷമാണ് ഇത്. വീടു വയ്ക്കാൻ ഭൂമിയില്ലാത്ത ആള് മറ്റൊരാളോട് ഭൂമി കൈമാറ്റം വാങ്ങി താമസിക്കുന്നു. ഇതാണ് കാരായ്മ. മൂലനിയമത്തിൽ കാരായ്മയ്ക്ക് സ്ഥിരാവകാശം കൊടുത്തിരുന്നു. കാരായ്മ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന ഒന്നിനുമാത്രമാണ് കൊടുത്തിരുന്നത്. അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് വച്ചിട്ടുള്ള ചമയങ്ങൾക്കുകൂടി പരിരക്ഷ വേണം എന്ന ടെനന്റ് സിന്റെ ആവശ്യത്തെ മുൻനിർത്തിയാണ് 1989-ൽ നിയമം ഭേദഗതി ചെയ്തത്. 1989-ൽ നിയമം ഭേദഗതി ചെയ്തപ്പോൾ കൊണ്ടുവന്നിരുന്ന വ്യവസ്ഥ എന്താണെന്നു ചോദിച്ചാൽ മൂലനിയമത്തിലെ 2 (23)(എ) വകുപ്പിലാണ് ഭേദഗതി കൊണ്ടുവന്നത്. ആ ഭേദഗതി യനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ പത്ത് സെന്റും, മുനിസിപ്പാലിറ്റിയിൽ 5 സെന്റും, കോർപ്പറേഷനിൽ 3 സെന്റും കാരായ്മയോട് ചേർന്നു കിടക്കുന്ന ഭൂമി, കാരായ്മയേക്കാൾ കൂടുതലുള്ള ഭൂമി കൈവശം വയ്ക്കാം. കൂടുതലുള്ള ഭൂമിക്ക് വിസ്തൃതി പരിരക്ഷ കൊടുക്കുന്നു എന്നാണ് ആ നിയമത്തിൽ പറഞ്ഞത്. എന്നു മാത്രമല്ല മറ്റൊരു വ്യവസ്ഥയുണ്ടായിരുന്നത് 1989 ജനുവരി മാസം 24-ാം തീയതി കൈവശമുള്ള സ്ഥലത്ത് മാത്രമേ സ്ഥിരാവകാശം കൊടുക്കുകയുള്ളൂ എന്നുള്ളതാണ്. അതിനു മുൻപ് തീർപ്പാക്കിയ കാരായ്മയെ സംബന്ധിച്ചിടത്തോളം, അതിനുമുൻപ് തീർപ്പാക്കിയ കേസുകളെ സംബന്ധിച്ചിടത്തോളം അത് ബാധകമല്ല എന്നു വരികയായിരുന്നു. എന്നു പറഞ്ഞാൽ ലാന്റ് ട്രൈബ്യൂണലുകൾ അന്നത്തെ നിയമം അനുസരിച്ച് തീർപ്പാക്കിയ കേസുകൾക്ക് ഈ ആനുകൂല്യം കിട്ടുകയില്ലെന്നു വന്നപ്പോൾ ആയിരക്കണക്കിനാളുകൾക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടു. അപ്പോൾ നിയമം വീണ്ടും ഭേദഗതി ചെയ്യണമെന്ന ആവശ്യമായി. 1999-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ നിയമം ഭേദഗതി ചെയ്തിട്ട് 1-1-70 മുതൽ കൈവശമുള്ള കാരായ്മക്കാർക്ക് അന്ന് ആനുകൂല്യം കൊടുത്തുവെങ്കിലും ഈ നിയമം നടപ്പിലാക്കുന്നതു മുതൽ ആറു മാസത്തിനകം അപേക്ഷ കൊടുത്തിരിക്കണമെന്നുള്ളതാണ്. ഈ അപേക്ഷ കൊടുക്കേണ്ട അവസാനത്തെ തീയതി 18-2-1999-ലായിരുന്നു. കാലാവധി കഴിഞ്ഞു പോയി. ആ കാലാവധിക്കകത്ത് അപേക്ഷ കൊടുക്കാത്ത വളരെയേറെ ആളുകളുണ്ട്. അവർക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടിരുന്നു. തന്നെയുമല്ല ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹൈ കോർട്ട് ഈ നിയമം അസാധുവാണെന്ന് പ്രഖ്യാപിക്കുക യുണ്ടായി. 1989-ൽ ഈ നിയമം 9-ാം ഷെഡ്യൂളിൽ ചേർത്തിരുന്നു. 9-ാം ഷെഡ്യൂളിൽ ചേർത്തിരുന്ന 1989 ലെ നിയമമാണ് 1999-ൽ ഭേദഗതി ചെയ്തത്. 1999-ൽ ഭേദഗതി ചെയ്തപ്പോൾ 9-ാം ഷെഡ്യൂളിന്റെ ആനുകൂല്യം പോയി. 2(23)(എ) എന്നുള്ള ഒരു വകുപ്പിനാണ് 1989-ൽ ഭേദഗതി ഉണ്ടായത്. ആ വകുപ്പാണ് 1999-ലും ഭേദഗതി ഉണ്ടായത്. 9-ാം ഷെഡ്യൂളിൽ ചേർത്തിരുന്ന 1989 ലെ നിയമത്തിനു പകരം 1999-ൽ നിയമം ഉണ്ടായപ്പോൾ 9-ാം ഷെഡ്യൂളിലെ ആനുകൂല്യം പോയി. ഇന്ന് ആവശ്യമായിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒന്നുകിൽ അപ്പീൽ കൊടുക്കാം. അപ്പീൽ കൊടുത്തിട്ട് ഇതിന് സ്റ്റേ കിട്ടുന്നതിന് ശ്രമിക്കാം. അടുത്ത കാലത്താണ് ജഡ്ജ്മെന്റ് വന്നത്. ജഡ്ജ്മെന്റ് ഞാൻ പരിശോധിച്ചിട്ടില്ല. സർട്ടിഫൈഡ് കോപ്പിക്കു വേണ്ടി അപേക്ഷ കൊടുത്തിരിക്കുകയാണ്. ആ സർട്ടിഫൈഡ് കോപ്പി കിട്ടിക്കഴിഞ്ഞാൽ അപ്പീൽ കൊടുക്കാം, സ്റ്റേയ്ക്ക് വേണ്ടി ശ്രമിക്കാം. അതോടൊപ്പം 9-ാം ഷെഡ്യൂളിൽ ചേർക്കുന്നതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഗവൺമെന്റ് 9-ാം ഷെഡ്യൂളിൽ ഇത് ചേർക്കേണ്ടതായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് ഇതിനുള്ള ശ്രമം നടത്തിയില്ല. ഇനി വേണമെങ്കിൽ ശ്രമം നടത്താം. ഈ കേസിനെ സംബന്ധിച്ചിടത്തോളം അപ്പീൽ കൊടുത്തുകൊണ്ട് ഇന്നുണ്ടായിരിക്കുന്ന അവസ്ഥാവിശേഷത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: ഇക്കാര്യങ്ങൾ ചെയ്യുമെന്ന് മന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. ഇതിനു സുപ്രീം കോടതിയിൽ പോയാൽ സ്റ്റേ കിട്ടാത്ത സ്ഥിതി വരികയാണ്. അതുകൊണ്ട് ഇതിനായി ഒരു ബില്ല് കൊണ്ടുവന്ന് നിയമമാക്കി ഇവരെ സംരക്ഷിക്കാൻ ആവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അവരുടെ അവകാശം സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കാം. ഗവൺമെന്റ് ആദ്യമായിട്ട് അപ്പീൽ കൊടുത്തു നോക്കാം. അതിൽ പ്രയോജനം കിട്ടും. ഇല്ലെന്നുണ്ടെങ്കിൽ നമുക്ക് ബാക്കിയുള്ള കാര്യങ്ങൾ നോക്കാം. അവരുടെ അവകാശം സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നിയമ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(2) പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള ഇൻക്വസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. പി. എം. സാഹിർ: വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. അനുദിനം വർദ്ധിച്ചു വരുന്ന ആക്സിഡന്റ് മൂലമുള്ള മരണങ്ങൾ അതുപോലെ വിവിധ തരത്തിലുള്ള രോഗങ്ങൾ മൂലം, Heart arrest, കുഴഞ്ഞ് വീണ് മരണം, Cerebral Haemorrhage കൊണ്ടുള്ള മരണം, മുതലായ മരണങ്ങൾ ഇന്ന് ഡ്രൈവ് ചെയ്യുമ്പോഴും സ്കൂട്ടർ ഓടിക്കുമ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. ആ മരണം സ്വാഭാവികമാണോ അസ്വാഭാവികമാണോ എന്ന് നിശ്ചയിക്കുന്നത് സി.ആർ.പി. ആക്റ്റ് 174, 175 പ്രകാരമുള്ള ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ ശ്രദ്ധക്ഷണിച്ചുകൊണ്ടു വരുന്നത് അനാവശ്യമായി ഒരുപാട് ബോഡികൾ ഇന്ന് പോസ്റ്റുമോർട്ടം ചെയ്യുവാൻ നിർബന്ധിതമാകുന്ന അവസ്ഥയിലാകുന്നു. സ്വന്തം വീട്ടിൽ വച്ച് 80 വയസ്സുള്ള ഒരു വൃദ്ധ കട്ടിലിൽ നിന്ന് താഴെ വീണ് തല മുറിഞ്ഞു. രാത്രി 8 മണിക്കാണ് സംഭവം ഉണ്ടായത്. അത് വളരെ ഉൾനാട്ടിലാണ്. മെഡിക്കൽ കോളേജിലെത്തുമ്പോൾ രാത്രി 12 മണിയായി. രക്തം പോയതു നിമിത്തം സ്ത്രീ മരിച്ചു. ഹോസ്പിറ്റലിൽ പരിശോധിച്ച ഡോക്ടർ brought dead എന്നാണ് എഴുതിയിരുന്നത്. ഇതിന്റെ പ്രൊസീജർ എന്താണെന്നറിയാൻ പിറ്റേന്ന് രാവിലെ വരെ കാത്തു. ബോഡി പോസ്റ്റുമോർട്ടം ചെയ്യണമെന്നുപറഞ്ഞു. ഞാൻ പറഞ്ഞതരത്തിൽ പ്രോപ്പർ ഇൻക്വസ്റ്റ് നടത്താത്തതു മൂലമാണ് പോസ്റ്റുമോർട്ടം നിർബന്ധമാകുന്നത്. ഒരുപാട് ആളുകൾ കഷ്ടപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly